# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 245 01.12.2014-ൽ മറുപടിയ്ക്ക്

### സംസ്ഥാനത്ത് മാവോയിസ്റ്റ് അക്രമണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. നാരായണൻ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് മാവോയിസ്റ്റ് ആക്രമണങ്ങൾ നടന്നിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; | (എ) വയനാട് വെള്ളമുണ്ടയിലും കോഴിക്കോട്, ചൂരണിമലയിൽ എസ്കവേറ്റർ കത്തിച്ചതിലും എറണാകുളം നീറ്റാ ജലാറ്റിൻ ഓഫീസ് ആക്രമിച്ചതിലും വയനാട്, തിരുനെല്ലിയിൽ അഗ്രഹാരം റിസോർട്ട് ആക്രമിച്ചതിലും മാവോയിസ്റ്റ് സാന്നിദ്ധ്യം ഉള്ളതായി സംശയിക്കുന്നു. |
| ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് വിശദ വിവരം വ്യക്തമാക്കാമോ ; | (ബി) മേല്പറഞ്ഞ നാല് ആക്രമണങ്ങളുമായി ബന്ധപ്പെട്ട് നാല് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>1. 27.10.2013-ന് കോഴിക്കോട്, ചൂരണിമലയിൽ എസ്കവേറ്റർ കത്തിച്ചതിലേക്ക് തൊട്ടിൽപാലം പോലീസ് സ്റ്റേഷൻ ക്രൈം 460/2013 നമ്പർ പ്രകാരം കേസെടുത്തു. ഈ കേസ് നിലവിൽ ക്രൈം ബ്രാഞ്ച് ISIT വിഭാഗം അന്വേഷിച്ചു വരുന്നു.<br><br>2. 24.04.2014-ന് വയനാട് വെള്ളമുണ്ടയിൽ പോലീസ് ഉദ്യോഗസ്ഥനെ ഭീഷണിപ്പെടുത്തിയതിലേക്ക് വെള്ളമുണ്ട പോലീസ് സ്റ്റേഷൻ ക്രൈം 142/14 നമ്പർ പ്രകാരം കേസെടുത്തു അന്വേഷിച്ചു വരുന്നു.<br><br>3. 10.11.2014-ന് എറണാകുളം നീറ്റാ ജലാറ്റിൻ ഓഫീസ് ആക്രമിച്ചതുമായി ബന്ധപ്പെട്ടു എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ ക്രൈം 1599/14 നമ്പർ പ്രകാരം കേസെടുത്തു അന്വേഷിച്ചു വരുന്നു.<br><br>4. 18.11.2014-ന് വയനാട്, തിരുനെല്ലിയിൽ അഗ്രഹാരം റിസോർട്ട് ആക്രമിച്ചതുമായി ബന്ധപ്പെട്ട് തിരുനെല്ലി പോലീസ് സ്റ്റേഷൻ ക്രൈം 507/2014 നമ്പർ പ്രകാരം കേസെടുത്തു അന്വേഷിച്ചു വരുന്നു. |

| | |
|---|---|
| സി) കേസുകളിൽ ആരൊക്കെയാണ് പ്രതിക ളായിട്ടുള്ളത്; ഇവരുടെ വിശദാംശങ്ങളും വെളിപ്പെടുത്താമോ ? | (സി) വെള്ളമുണ്ട പോലീസ് സ്റ്റേഷൻ ക്രൈം 142/2014 നമ്പർ കേസിൽ മാവോയിസ്റ്റ് പ്രവർത്തകരായ രൂപേഷും മറ്റു കണ്ടാൽ അറിയാവുന്ന നാലു പേരുമാണ് പ്രതികൾ. മറ്റു മൂന്നു കേസുകളിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ